3
ഞായർ
പേജ് - 5
ഡിസംബർ
Vol. 2 Issue 301

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

CNL7 MEDIA

672

# റഷ്യയുടെ വ്യോമാക്രമണത്തിൽ കീവിലെ റിസറക്ഷൻ ഓഫ് ക്രൈസ്റ്റ് കത്തീഡ്രലിന് നാശനഷ്ടം



4

സേന തകർത്ത ഡ്രോണുകളിൽ ഒരെണ്ണം കത്തീഡ്രലിന് സമീപമാണ് പതിച്ചത്. സോവിയറ്റ് യൂണിയന്റെ ഭരണാധികാരിയായിരുന്ന ജോസഫ് സ്റ്റാലിൻ ഉണ്ടാക്കിയ കൃത്രിമമായ ഭക്ഷ്യക്ഷാമത്തിന്റെ ഓർമ്മ യുക്രൈൻ ജനത ആചരിക്കുന്ന ദിവസമാണ് ഇറാൻ നിർമ്മിത 75 ഡ്രോണുകൾ റഷ്യ യുക്രൈനിലേക്ക് അയച്ചത്.

എഡിറ്റോറിയൽ

# ക്രിസ്ത്യൻ ലൈവ്

2023 ഡിസംബർ 3 ഞായർ

## എന്റെ വഴി നിന്റെ കണ്ണിനു ഇമ്പമായിരിക്കട്ടെ

**വ**ഴിതെറ്റുന്ന, തെറ്റിപ്പിക്കുന്ന കാര്യങ്ങൾ മധുരിപ്പിക്കുന്ന വാക്കുകളിലും കാഴ്ചകളിലും പൊതിഞ്ഞ് സമൂഹത്തിലേക്ക് വിവിധ മാധ്യമങ്ങളിൽ കൂടി വാരിവിതറുന്നു. ആരംഭത്തിൽ പ്രയോജനപ്രദമെന്ന് തോന്നുന്നത് ഊരാക്കുടുക്കുകളിലേക്ക് നയിക്കുന്നു. സ്വാർത്ഥലാഭം ലക്ഷ്യമാക്കി മനുഷ്യന്റെ പണത്തെ, ബുദ്ധിയെ, സമയത്തെ ചൂഷണം ചെയ്യുന്നു. എന്നാൽ സ്വന്തം പദ്ധതിപ്രകാരം മാത്രവും, മറ്റുള്ളവരുടെ ആലേചനകളും കേട്ട് പരാജയമടഞ്ഞ എത്രപേർ ദൈവത്തിന്റെ വഴി തിരഞ്ഞെടുക്കുവാൻ തയ്യാറാകും. യഹോവയുടെ വഴി തികവുള്ളതും അവിടുത്തെ ആലോചനകൾ ശാശ്വതവുമാണ്. നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ വിചാരങ്ങൾ അഗാധമായവയാണ്. എണ്ണിയാൽ മണലിനെക്കാൾ അധികമായ നന്മകളുടെ വഴിയാണ് ദൈവം നമ്മുക്ക് ഒരുക്കിയിട്ടുള്ളത്. ചിലപ്പോൾ പ്രയാസം എന്നു തോന്നിയാലും പിന്നത്തേതിൽ അത് തേനിലും തേൻകട്ടയിലും മധുരമായി തീരും. മനുഷ്യന്റെ ഗതികൾ യഹോവയാൽ നിയമിക്കപ്പെടുന്നു. ദൈവഹിതം ഇന്നതെന്ന് തിരിച്ചറിഞ്ഞ് മനസ്സ് പുതുക്കുമ്പോൾ ദൈവീക പാതയിൽ നാം എത്തിച്ചേരുന്നു. തുടർന്നങ്ങോട്ട് നമ്മുടെ ഗമനത്തെയും ആഗമനത്തേയും സ്ഥിരപ്പെടുത്തുന്ന ദൈവീക സാന്നിദ്ധ്യം നാം സമൃദ്ധിയായി അനുഭവിച്ചുകൊണ്ടിരിക്കും. സ്നേഹിതാ, നിന്റെ ജീവിതയാത്രയിൽ അനുഭവിച്ചുകൊണ്ടിരിക്കും.
സ്നേഹിതാ, നിന്റെ ജീവിതയാത്രയിൽ യഹോവയുടെ വഴി തിരഞ്ഞെടുത്തുകൊൾക. അത് നിനക്ക് ആശ്വസത്തിന്റെ സമയങ്ങൾ ദാനം ചെയ്യും. വ്യക്തികൾ, കുടുംബങ്ങൾ ,സമൂഹങ്ങൾ ദൈവത്തിന്റെ വഴിയിൽ സമ്പൂർണ്ണത അവർണ്ണനീയമാണ്. അത് സ്വർഗ്ഗം ഭൂമിയിലാകുന്ന ദിനങ്ങളായിരിക്കും.




പാസ്റ്റർ ഷിബുതോമസ് ഓക്ലഹോമ

## സ്നേഹിച്ചവന്റെ വാക്കുകൾ

സ്നേഹിച്ചവൻെറ വാക്കുകൾ
ജീവിതം തന്നു സ്നേഹിച്ചവൻെറ
വാക്കുകളാണ് ബൈബിൾ.



നിഷ സുരേഷ്,
സണ്ടേസ്കൂൾ അധ്യാപിക
ശാരോൻ ഫെലോഷിപ്പ് ചർച്ച്, ഷാർജ




AL QTR TOURISM
Quality Tourism Resources

## നിത്യതയിൽ



റാന്നി: ഏഴോലി ഐ.പി.സി.സഭാംഗം കൊമ്പൻകുഴിയിൽ തോമസ് വർഗീസ് (77) നിര്യാതനായി. ഭാര്യ: ഇലന്തൂർ ഓലിക്കൽ വീട്ടിൽ അന്നമ്മ. മക്കൾ:സൂസൻ മാത്യു (യുഎസ്എ) സാറാ ബിജു (സൗദി) ഷേർളി സജി(വെച്ചൂച്ചിറ) ഷിബു വർഗീസ്(ഷാർജ) ഷിജു വർഗീസ്(ബഹറിൻ) മരുമക്കൾ: പി.എം. മാത്യു (യുഎസ്എ) പാസ്റ്റർ. എബ്രഹാം തോമസ് (ബിജു, ശാരോൻ ചർച്ച്, ഏഴോലി),സജി മാത്യു (ദുബായ്) രാജി ഷിബു, ജൂലി ഷിജു. സംസ്ക്കാരം പിന്നീട്.

പത്തനാപുരത്ത് 13.75 സെന്റ് സ്ഥലം വില്പനയ്ക്ക്
(For Urgent Sale)

പ്രശാന്ത സുന്ദരമായ പത്തനാപുരം ശാലേംപുരം (ഇരുപത്തി ആറാം കുറ്റി) ചെങ്കിലാത്തു റൂട്ടിൽ( ഐപിസി ചർച്ചിനും എ ജി ചർച്ചിനും) ഇടയിൽ നല്ല ഹൗസ് പ്ലോട്ട് ഉടൻ വില്പനയ്ക്ക്. 13.75സെന്റ്.2 വീടുവെയ്ക്കാൻ വളരെ അനുയോജ്യമായ നല്ല ഫ്രണ്ടേജ് .
ടാർ റോഡ്, ക്രിസ്ത്യാനി ഏരിയ,വെള്ളപൊക്കം ഇല്ലാത്ത ഏരിയ,വൈദ്യുതി, വെള്ളം,വഴി തുടങ്ങിയ എല്ലാ സൗകര്യവുമുണ്ട്. താല്പര്യമുള്ളവർ നേരിട്ട് വിളിക്കുക.

ഫോൺ: +971506948206 (അബുദാബി)
+919526713475 (വാട്സ്ആപ്പ്)

# ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് യുജിസി/ സിഎസ്ഐആർ നെറ്റ് പരിശീലനം



തിരുവനന്തപുരം: സർക്കാർ/ എയ്ഡഡ് കോളജുകളിൽ രണ്ടാം വർഷ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവരും നിലവിൽ പഠനം പൂർത്തിയായവരുമായ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കേന്ദ്ര സർക്കാർ മത ന്യൂനപക്ഷങ്ങളായി അംഗീകരിച്ച്, പട്ടികയിൽ ഉൾപ്പെടുത്തി യിട്ടുള്ള മുസ്‌ലിം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് ജനസംഖ്യാനുപാതികമായി ‘യുജിസി/സിഎസ്ഐആർനെറ്റ്’ പരീക്ഷാ പരിശീലനത്തിന് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു. ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് എംപാനൽ ചെയ്ത 25 സ്ഥാപനങ്ങൾ മുഖാന്തിരമാണ് കോച്ചിംഗ് സംഘടിപ്പിക്കുന്നത്.
കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ക്രിസ്ത്യൻ, മുസ്‌ലിം, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ടവരും ബിരുദാനന്തര ബിരുദ ഒന്നാം വർഷ പരീക്ഷയിൽ 55 ശതമാനം മാർക്ക് നേടി രണ്ടാം വർഷ പഠനം നടത്തുന്നവർക്കും, ബിരുദാനന്തര ബിരുദം 55 ശതമാനം മാർക്കോടെ പൂർത്തിയാക്കിയ വിദ്യാർഥികൾക്കുമാണ് പരിശീലനത്തിന് അർഹത.
ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട ബിപിഎൽ വിഭാഗത്തിലെ വിദ്യാർഥികളെ പ്രത്യേകം പരിഗണിച്ചു കൊണ്ടും, കുടുംബ വാർഷിക വരുമാനത്തിൻറെയും, മാർക്കിൻറെയും അടിസ്ഥാനത്തിലുമാണ് വിദ്യാർഥികളെ തെരഞ്ഞെടുക്കുന്നത്. ബിപിഎൽ അപേക്ഷകരുടെ അഭാവത്തിൽ എപിഎൽ വിഭാഗത്തിലെ എട്ടുലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരെയും പരിഗണിക്കും. www.minortiywelfare.kerala.gov.in ലും തെരഞ്ഞെടുത്ത കോച്ചിംഗ് സ്ഥാപനങ്ങളിലും അപേക്ഷാ ഫോം ലഭ്യമാണ്.
പരിശീലനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ അപേക്ഷാ ഫോം പൂരിപ്പിച്ച് നേരിട്ടോ തപാൽ മുഖാന്തിരമോ പരിശീലനം നേടാൻ ആഗ്രഹിക്കുന്ന സ്ഥാപനത്തിലെ കോഴ്സ് കോഓർഡിനേറ്റർക്ക് സമർപ്പിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 10. കൂടുതൽ വിവരങ്ങൾക്ക് കോഓർഡിനേറ്റർമാരെ ബന്ധപ്പെടാം. പരിശീലന സ്ഥാപനത്തിൻറെ മേൽവിലാസവും, കോഓർഡിനേറ്റർമാരുടെ ഫോൺ നമ്പരും വകുപ്പ് വെബ്സൈറ്റിൽ ലഭ്യമാണ്.

Christian Live (Malayalam) Advertisement Tariff

**Full Page**
Front – 5000 INR
Back – 4000 INR
Inside- 3000 INR

**Quarter Page**
Front - 1250 INR
Back - 1000 INR
Inside- 750 INR

**Half Page**
Front - 2500 INR
Back- 2000 INR
Inside -1500 INR

**Half of Quarter Page**
Front - 750 INR
Back - 500 INR
Inside- 250 INR

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

***Chief Editor:***
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas ,
Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# ഐപിസി താനെ 27 –ാമത് ഡിസ്ട്രിക്ട് കൺവൻഷൻ

കല്യാൺ : ഐപിസി താനെ 27 ാമത് ഡിസ്ട്രിക്ട് കൺവൻഷൻ ഡിസംബർ 8 മുതൽ 10 വരെ കല്യാൺ ഐപിസി എബനേസർ ഹോളിൽ നടക്കും. ഐപിസി താനെ ഡിസ്ട്രിക്ട് പ്രസിഡന്റ് പാ. കെ. എം. വർഗീസ് ഉത്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർ റെജി ശാസ്താംകോട്ട മുഖ്യ സന്ദേശം നൽകും. ഐപിസി താനെ ഡിസ്ട്രിക്ട് ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. ശുശ്രുഷക കുടുംബ സമ്മേളനം, ഓർഡിനേഷൻ സമ്മേളനം, സംയുക്ത ആരാധന എന്നിവ കൺവൻഷനോടനുബന്ധിച്ച് നടക്കും.
കൂടുതൽ വിവരങ്ങൾക്ക്:+9198191 86538, 9190297 95781.

# പത്മോസ് മിനിസ്ട്രീസ് ചർച്ചിന്റെ 23–ാമത് കൺവഷൻ

തിരുവന്തപുരം : പത്മോസ് മിനിസ്ട്രീസ് ചർച്ചിന്റെ 23–ാമത് കേരള സംസ്ഥാന ജനറൽ കൺവൻഷൻ ഡിസംബർ 8 മുതൽ 10 വരെ തിരുവനന്തപുരം വിതുരയിൽ നടക്കും. ജനറൽ പ്രസിഡന്റ് പാസ്റ്റർ ഡോ. ഷിബു ജോസഫ് ഉദ്ഘാടനം ചെയ്യും. പത്മോസ് മിനിസ്ട്രീസ് കേരളാ സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ സോളമൻ പേനിയേൽ അദ്ധ്യക്ഷത വഹിക്കും. പാസ്റ്റർ സുരേഷ് ബാബു, പാസ്റ്റർ സി. പി. മോനായി, പാസ്റ്റർ രാജേഷ് ഏലപ്പാറ എന്നിവർ സന്ദേശം നൽകും. സാസ്കാരിക സമ്മേളനം അരുവിക്കര എം.എൽ.എ അഡ്വ. ജി സ്റ്റീഫൻ ഉദ്ഘാടനം ചെയ്യും. അനിൽ അടൂർ, ലോഡ്സൺ ആന്റണി എന്നിവർ ഗാനശുശ്രൂഷ നയിക്കും. പാസ്റ്റന്മാരായ ശോഭാ രാജ്, ബിനു, എന്നിവർ കൺവൻഷൻ കൺവീനർന്മാരായി പ്രവർത്തിക്കുന്നു.

# 63 –ാമത് ഐപിസി കൊട്ടാരക്കര മേഖല വാർഷിക കൺവൻഷൻ

കൊട്ടാരക്കര : ഐപിസി കൊട്ടാരക്കര മേഖലയുടെ 63–ാ മത് വാർഷിക കൺവൻഷൻ ജനുവരി 3 ബുധനാഴ്ച മുതൽ 7 ഞായറാഴ്ച വരെ കൊട്ടാരക്കര പുലമൺ ബേർശേബ ഗ്രൗണ്ടിൽ നടക്കും. ജനുവരി 3 ന് വൈകുന്നേരം 6 മുതൽ മേഖല പ്രസിഡന്റ് പാസ്റ്റർ ബെഞ്ചമിൻ വർഗ്ഗീസ് ഉദ്ഘാടനം നിർവ്വഹിക്കുകയും പാസ്റ്റന്മാരായ കെ.ജെ. തോമസ് കുമളി, ജെയിംസ് ജോർജ് , വിൽസൻ വർക്കി, ജോൺ എസ് മരത്തിനാൽ, ജോൺസൻ ദാനിയേൽ, ഷിബു തോമസ്, സാം ജോർജ് എന്നിവർ ദൈവവചനം ശുശൂഷിക്കും. പൊതു യോഗം, പ്രഭാത പ്രാർത്ഥന, ബൈബിൾ ക്ലാസ് , ഉണർവ്വ് യോഗങ്ങൾ, ശുശ്രൂഷകകുടുംബ സംഗമം, പുത്രിക സംഘടനകളുടെ വാർഷികം, സ്നാന ശുശ്രൂഷ, സംയുക്ത ആരാധന, കർത്തൃമേശ ശുശ്രൂഷ എന്നിവ നടക്കും. ശുശ്രൂഷക കുടുംബ സംഗമത്തിൽ പാസ്റ്റന്മാരായ കെ.സി.തോമസ്, എബ്രഹാം ജോർജ്, ഫിലിപ്പ് പി. തോമസ് ക്ലാസുകൾ നയിക്കും. മേഖല ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്നു.മേഖല പ്രസിഡന്റ് പാസ്റ്റർ ബെഞ്ചമിൻ വർഗ്ഗീസ്, വർക്കിംഗ് പ്രസിഡന്റ് പാസ്റ്റർ സാം ജോർജ്, സെക്രട്ടറി ബ്രദർ ജെയിംസ് ജോർജ് വേങ്ങൂർ , ട്രഷറാർ ബ്രദർ പി.എം. ഫിലിപ്പ്, വൈസ് പ്രസിഡന്മാരായ പാസ്റ്റർ ജോൺ റിച്ചാർഡ്, പാസ്റ്റർ എ.ഒ. തോമസുകുട്ടി, പാസ്റ്റർ കുഞ്ഞുമോൻ വർഗ്ഗീസ്, പാസ്റ്റർ സി. എ. തോമസ്, ജോയിന്റ് സെക്രട്ടറിന്മാരായ പാസ്റ്റർ ജോസ് കെ. എബ്രഹാം . ബ്രദർ കെ.പി. തോമസ് എന്നിവർ നേതൃത്വം നല്കും.




ക്രിസ്ത്യൻലൈവ് ദിനപത്രം

## കുടുംബപ്രാർത്ഥനാ സഹായി

**ആഫ്രിക്കയിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം.**

### കോറ്റ് ഡി ഐവയർ



**തലസ്ഥാനം:**
യാമോസൗക്രോ
**ഭാഷ:**
ഫ്രഞ്ച്
**ജനസംഖ്യ:**
28,873,034
**പ്രസിഡണ്ട്:**
അലാസെയ്ൻ ഒവാത്ര
**മതം :**
ഇസ്‌ളാം, ക്രിസ്ത്യൻ

**ഇന്നത്തെ പ്രാർത്ഥനാ വിഷയങ്ങൾ**

- ഭരണകർത്താക്കൾ അഴിമതിയിൽ നിന്ന് മുക്തരാകാനും ഐക്യത്തിനും രാഷ്ട്ര നിർമ്മാണത്തിനും വേണ്ടി പ്രവർത്തിക്കാനും പ്രാർത്ഥിക്കുക
- പരസ്പരം വിനയവും സ്നേഹവും ഉള്ളവരായിരിപ്പാൻ ക്രിസ്ത്യാനികൾ ഉത്സാഹമുള്ളവരായിരിക്കാൻ പ്രാർത്ഥിക്കുക. വടക്ക്തെക്ക് വംശത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക
- എല്ലാ ക്രിസ്ത്യൻ മിഷനറിമാർക്കായി പ്രാർത്ഥിക്കുക

**നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ വാട്സാപ് ചെയ്യുക:**
സിസ്റ്റർ റ്റിജി കോശി (പ്രയർ കോർഡിനറ്റർ, ക്രിസ്ത്യൻ ലൈവ്):+966 58 177 6032
Contact us: +91 98465 52220, +91 99619 33322

# പെന്തക്കോസ്തൽ യൂത്ത് ഫെലോഷിപ്പ് ഓഫ് ഫ്ലോറിഡ വാർഷിക കൺവെൻഷൻ

മയാമി (യു എസ് എ) : പെന്തക്കോസ്തൽ യൂത്ത് ഫെലോഷിപ്പ് ഓഫ് ഫ്ലോറിഡയുടെ 26 മത് വാർഷിക കൺവെൻഷൻ ഡിസംബർ 8 മുതൽ 10 വരെ ഐ പി സി സൗത്ത് ഫ്ലോറിഡയിൽ (6180 NW 11th St, Sunrise, FL 33313) നടക്കും. വൈകിട്ട് 6.30 മുതൽ നടത്തപ്പെടുന്ന യോഗങ്ങളിൽ ഐ പി സി ഒർലാന്റോ അസോസിയേറ്റ് പാസ്റ്റർ ഫിനോയി ജോൺസൺ മുഖ്യ പ്രഭാഷകനായിരിക്കും.
ഡിസംബർ 10 ഞായറാഴ്ച രാവിലെ 9 മണിക്ക് വെസ്റ്റ് ഗ്ലൈഡ്സ് മിഡിൽ സ്കൂളിൽ (11000 Holmberg Rd, Parkland, FL 33076) നടത്തപ്പെടുന്ന സംയുക്ത സഭാ ആരാധനയിൽ പാസ്റ്റർ ഡോ. തോംസൺ കെ. മാത്യൂ ദൈവ വചന സന്ദേശം നൽകും. ഐ പി സി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ പ്രസിഡന്റ് പാസ്റ്റർ കെ സി ജോൺ തിരുവത്താഴ ശുശ്രൂഷകൾക്ക് നേതൃത്വം വഹിക്കും.
പാസ്റ്റേഴ്സ് കോർഡിനേറ്റർ പാസ്റ്റർ ജോർജ് വർഗീസ് ആരാധന യോഗത്തിൽ അധ്യക്ഷത വഹിക്കും. ഗായകൻ ഡോ. റ്റോം ഫിലിപ്പ് തോമസ് വിവിധ ദിവസങ്ങളിലായി നടത്തപ്പെടുന്ന ആത്മീയ ഗാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.
പാസ്റ്റർമാരായ സാം പണിക്കർ, എബ്രഹാം തോമസ്, ബൈജു മാത്യു, ജോസൻ തോമസ്, പോത്തൻ ചാക്കോ, ജയ്മോൻ ജേക്കബ് തുടങ്ങിയവർ വിവിധ യോഗങ്ങളിൽ അധ്യക്ഷത വഹിക്കും. കൂടുതൽ വിവരങ്ങൾക്ക്: ബ്രദർ ഷാജി ബിനോ, 206 471 5815, സിസ്റ്റർ ആഞ്ജലിന ജോൺ 754 510 4959.

# റഷ്യയുടെ വ്യോമക്രമണത്തിൽ കീവിലെ കത്തോലിക്ക കത്തീഡ്രലിന് നാശനഷ്ടം

മോസ്കോ: റഷ്യ നടത്തിയ ഡ്രോൺ ആക്രമണത്തിൽ യുക്രൈനിലെ കീവിൽ സ്ഥിതി ചെയ്യുന്ന യുക്രൈൻ ഗ്രീക്ക് കത്തോലിക്കാ സഭയുടെ റിസറക്ഷൻ ഓഫ് ക്രൈസ്റ്റ് കത്തീഡ്രൽ തകർന്നു. നവംബർ ഇരുപത്തിയഞ്ചാം തീയതിയിലെ അക്രമണത്തിൽ 5 പേർക്കു പരിക്കേറ്റു.

2022 ഫെബ്രുവരി മാസം യുദ്ധം ആരംഭിച്ചതിനു ശേഷം റഷ്യ കീവിനെ ലക്ഷ്യമാക്കി നടത്തുന്ന ഏറ്റവും വലിയ ഡ്രോൺ ആക്രമണമായിരുന്നു ഇത്. 74 ഡ്രോണുകളെ തകർത്തു കളഞ്ഞതായി യുക്രൈൻ പ്രതികരിച്ചു. സേന തകർത്ത ഡ്രോണുകളിൽ ഒരെണ്ണം കത്തീഡ്രലിന് സമീപമാണ് പതിച്ചത്. സോവിയറ്റ് യൂണിയന്റെ ഭരണാധികാരിയായിരുന്ന ജോസഫ് സ്റ്റാലിൻ ഉണ്ടാക്കിയ കൃത്രിമമായ ഭക്ഷ്യക്ഷാമത്തിന്റെ ഓർമ്മ യുക്രൈൻ ജനത ആചരിക്കുന്ന ദിവസമാണ് ഇറാൻ നിർമ്മിത 75 ഡ്രോണുകൾ റഷ്യ യുക്രൈനിലേക്ക് അയച്ചത്. ഏകദേശം 20 ലക്ഷം മുതൽ ഒരു കോടി ആളുകൾ വരെയാണ് 193233 കാലഘട്ടത്തിൽ ഉണ്ടായ ഭക്ഷ്യക്ഷാമത്തിന്റെ ഇരകളായി അന്നു മാറിയത്.2022 ഫെബ്രുവരി മാസത്തിനും 2023 ജനുവരി മാസത്തിനും ഇടയിൽ മാത്രം അഞ്ഞൂറോളം മതകേന്ദ്രങ്ങൾ യുക്രൈനിൽ ആക്രമിക്കപ്പെട്ടിട്ടുണ്ട്.

ഡ്രോണിന്റെ പൊടിപടലങ്ങൾ കത്തീഡ്രൽ ദേവാലയത്തിന്റെ ജനാലകളുടെയും, വാതിലുകളുടെയും മേൽ പതിക്കുകയായിരുന്നു. കത്തീഡ്രലിന്റെ ബേസ്മെന്റിലെ ആറ് ജനാലകൾക്ക് നാശനഷ്ടം സംഭവിച്ചുവെന്ന് അധികൃതർ വ്യക്തമാക്കി. യുക്രൈൻ ഗ്രീക്ക് സഭയുടെ തലവനായ ആർച്ച് ബിഷപ്പ് സിയാറ്റോസ്ലാവ് ഷെവ്ചുക്കിന്റെ വസതിക്കും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.



## ഫിലിപ്പെൻസിൽ ആരാധനാലയത്തിന് നേരെ സ്ഫോടനം

മനില: രാജ്യത്തെ ഏറ്റവും വലിയ മുസ്ലീം നഗരമായ മറാവിയിലെ മിൻഡനാവോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയുടെ ജിംനേഷ്യത്തിൽ നടന്ന ഞായറാഴ്ച ആരാധനയ്ക്കിടെ സ്ഫോടനം. സ്ഫോടനത്തിൽ നാല് പേർ കൊല്ലപ്പെടുകയും 50 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി റീജിയൺ പോലീസ് ലെഫ്റ്റനന്റ് ജനറൽ ഇമ്മാനുവൽ പെരാൾട്ട പറഞ്ഞു. 'ഭീകരർ' നടത്തിയ ആക്രമണത്തെ പ്രസിഡന്റ് ഫെർഡിനാൻഡ് മാർക്കോസ് അപലപിച്ചു.

## ഫിലിപ്പീൻസിൽ ഭൂചലനം; ജപ്പാനിലും ഫിലിപ്പീൻസിലും സുനാമി മുന്നറിയിപ്പ്

മനില: വെള്ളിയാഴ്ച ഫിലിപ്പീൻസിലെ മിൻദനാവോ ദ്വീപിൽ റിക്ടർ സ്കെയിൽ 7.5 തീവ്രത രേഖപ്പെടുത്തിയഭൂചലനം. ജപ്പാനിലും ഫിലിപ്പീൻസിലും സുനാമി മുന്നറിയിപ്പ്. മനിലയിൽ നിന്ന് 883 കിലോമീറ്റർ അകലെയുള്ള മിൻദനാവോ ദ്വീപിന്റെ 10 കിലോമീറ്റർ താഴ്ചയിലാണ് ഭൂചലനം ഉണ്ടായതെന്ന് ജർമൻ റിസർച്ച് ഫോർ ജിയോ സയൻസ് അറിയിച്ചു. ആളപായങ്ങൾ ഒന്നും ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. ഭൂകമ്പത്തിന് പിന്നാലെ സുനാമി മുന്നറിയിപ്പ് പ്രഖ്യാപിച്ചു. ഭൂകമ്പം ഏതാനും സെക്കന്റുകൾ നീണ്ടു നിന്നതായ് ഫില്ലിൻ സീമോളജി ഏജൻസി അറിയിച്ചു. തുടർ ഭൂചലനങ്ങൾക്ക് സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കാൻ ജനങ്ങളോട് നിർദേശിച്ചതായി അവർ അറിയിച്ചു.

ഞായർചിന്തകൾ

## കാഴ്ചകൾ സുന്ദരമായിരിക്കേണം



ഷാജൻപാറക്കടവിൽ

നമ്മുടെ നയനങ്ങൾക്ക് ഗോചരമാകുന്ന സമൃദ്ധമായ കാഴ്ചകൾ കൊണ്ട് സമ്പന്നമാണ് ഈ ഭൂമി. കണ്ണിനും മനസ്സിനും ഇമ്പവും ആനന്ദകരവുമായ തെളിവാർന്ന കാഴ്ചകൾ സുതാര്യമാക്കപ്പെടണമെങ്കിൽ മനസ്സിന്റെ തീരുമാനങ്ങൾ കൂടിവളരെ പ്രസക്തമാണ്. ലാവണ്യ ശാസ്ത്രത്തിൽസൗന്ദര്യദൂരം (Aesthetic distance )എന്നൊരുചിന്തയുണ്ട്. കാഴ്ചകൾ കൂടുതൽ നിറമുള്ളതാകണമെങ്കിൽ സൂക്ഷിക്കേണ്ട ഒരു ദൂരം ഉണ്ടെന്നർത്ഥം. ഒരു പൂവ് ഇത്തിരി ദൂരത്താകുമ്പോൾ അത് നമ്മുടെദർശന പരിധിക്ക് പുറത്താക്കുന്നു. മറിച്ച്അത് നമ്മുടെ കണ്ണിനോട് ചേർന്ന് പിടിക്കുമ്പോൾ വർണ്ണങ്ങൾ ചിതറുന്നു. വസ്തുക്കളുടെയഥാർത്ഥ ചിത്രം നമ്മുടെ ദൃഷ്ടിക്ക് ഗോചരമാകണമെങ്കിൽഒരു ചെറു ദൂരമുണ്ട്. ഒന്നും ഒത്തിരി അടുത്തും,അകലെയും ആകരുത്. കാഴ്ചകൾ സമൃദ്ധമാകുന്നതിന് ഈ സമദൂരംകാഴ്ചക്കാരൻ പാലിക്കണം. നമ്മുടെ ദൃഷ്ടിപദങ്ങൾ പായുന്ന ഇടം ഒക്കെകാഴ്ചകളാൽ സമ്പന്നമാണ്. നിറമുള്ള കാഴ്ചകൾഎന്നും മനസ്സിന് കുളിർമ തന്നെയാണ്. പക്ഷേനമ്മുടെ കാഴ്ചകൾക്ക്സംവേദനക്ഷമമാകുന്നത് പലപ്പോഴുംസുതാര്യത നഷ്ടപ്പെട്ട സൗന്ദര്യം കുറഞ്ഞ മെലിഞ്ഞുണങ്ങിയതും മലീമസമാക്കപ്പെട്ടതുമായകാഴ്ചകളാണ്. അതുകൊണ്ടുതന്നെ നമ്മുടെ മനസ്സിൽ രൂപപ്പെടുന്നപ്രതികരണങ്ങളും പ്രതിബിംബങ്ങളുമെല്ലാം പ്രതീക്ഷയറ്റനിർജീവ ചിത്രങ്ങളാണ്. അതുകൊണ്ട് സംഭവിക്കുന്നത് നമുക്ക് സകലതിനെയും കാണാൻ കഴിയുന്നതും അത്തരത്തിലാണ്.സമൃദ്ധിയുടെ മേലങ്കിധരിച്ച സമ്പന്നമായ കാഴ്ചകൾനിറഞ്ഞ ലോകത്തെ കാണാനുള്ള നമ്മുടെ കണ്ണുകൾ മങ്ങി തുടങ്ങുന്നു എന്നുള്ളതാണ് വസ്തുത.നമ്മുടെ കാഴ്ചകളുടെ വികലത നമ്മുടെ ചിന്തകളെയും നിഗമനങ്ങളെയും തീരുമാനങ്ങളെയും ബാധിക്കുകയുംഅത് നമ്മുടെ വ്യാഖ്യാനങ്ങളിലും പ്രതികരണങ്ങളിലുംപ്രത്യക്ഷമായി പ്രകടമാക്കുകയും ചെയ്യുന്നു. വിശുദ്ധ വേദപുസ്തകം കാഴ്ചകൾക്ക് മാത്രമല്ലകാഴ്ചപ്പാടുകൾക്കും കൂടുതൽ പ്രാമുഖ്യം നൽകുന്നു. ദൈവം നല്ലതെന്ന് കണ്ടുഎന്ന പ്രസ്താവനയിലൂടെസൃഷ്ടിയുടെ മഹത്വം വെളിപ്പെടുത്തുന്ന ദൈവം അനന്തരം തന്റെ കാഴ്ചപ്പാടുകളുംവെളിപ്പെടുത്തുന്നു.പഴയ നിയമത്തിന്റെ ഏടുകൾസമൃദ്ധമായ കാഴ്ചകളുംസുതാര്യമാക്കപ്പെട്ട കാഴ്ചപ്പാടുകളുംകൊണ്ട്സമ്പന്നമാണ്. സുവിശേഷത്തിൽ ക്രിസ്തുകാഴ്ചയുടെ സമൃദ്ധിയിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നത്ഒരു അന്ധന്റെ കഥയിലൂടെയാണ്. ജന്മനാ കാഴ്ച നഷ്ടപ്പെട്ടവന്റെ മിഴികളിൽക്രിസ്തു തൊട്ടു. ശേഷം അവനോട് എന്തു കാണുന്നു എന്ന് ചോദിച്ചപ്പോൾഞാൻ മനുഷ്യരെ കാണുന്നു, അവർ മരങ്ങളെ പോലെയാണ്.അവന്റെഉത്തരം വളരെ സ്പഷ്ടം. ഇത് അവന്റെ കണ്ണിന്റെയോ, കാഴ്ചയുടെയോപ്രശ്നമല്ല, മറിച്ച്അവന്റെ മനസ്സിന്റെ വികലതയാണ്. യേശു വീണ്ടും അവനെ സൗഖ്യമാക്കുന്നു.മനുഷ്യനെ വസ്തു എന്നതിലുപരിഒരു വ്യക്തിയെന്നപുതിയൊരുകാഴ്ചപ്പാടിലേക്ക് അവനെനയിക്കുന്നു. അചേതനുമായവസ്തുക്കളാണ് നമ്മുടെ ദൃഷ്ടിക്ക് ഗോചരമെങ്കിൽനമ്മുടെ കാഴ്ചപ്പാടുകളും അത്തരത്തിൽസചേതനമല്ലായിരിക്കും.കാഴ്ചകൾ ചലനാത്മകമെങ്കിൽമാത്രമേ കാഴ്ചപ്പാടുകളും അഥവാ ചിന്തകളും ജീവാത്മകമാകുകയുള്ളൂ.

കാഴ്ചകളെയും ഒപ്പം കാഴ്ചപ്പാടുകളെയും കുറിച്ചുള്ളഏറ്റവും സുന്ദരമായ വിലയിരുത്തൽ നടത്തിയത് ക്രിസ്തുവാണ്. ' കണ്ണ് ശരീരത്തിന്റെ വിളക്കാണ്' ഈ മഹത്തായ ദർശനംഉള്ളിൽ സ്ഫുരിക്കുന്നില്ലായെങ്കിൽ നമ്മുടെ മിഴികൾ എങ്ങനെ മന്ദഹസിക്കും. മിഴികൾ മന്ദഹാസം പൊഴിക്കണം അവിടെയാണ് കാഴ്ചകൾകൂടുതൽ സുതാര്യമാകുന്നത്.ഒപ്പംമനസ്സ്കൂടുതൽ വർണ്ണദീപ്തമാകുന്നത്. കൊല്ലാൻ വരുന്നവനെസ്നേഹിതാ എന്ന് വിളിക്കുവാനും, ഒറ്റികൊടുക്കുന്നവനെകൂട്ടത്തിൽ കൂട്ടിക്കൊണ്ടു നടക്കുവാനുംതള്ളിപ്പറഞ്ഞവനെപ്രേക്ഷിത വൃത്തിയിൽ പ്രശോഭിപ്പിക്കുവാനുംക്രിസ്തു തയ്യാറാകുന്നു.പ്രതീക്ഷകളുടെ രഥത്തിലേറി സഞ്ചരിക്കുവാൻ തന്റെ അനുയായികൾക്ക് വാഗ്ദത്തം നൽകിയിട്ടും വാങ്ങി പോകുമ്പോഴുംകാഴ്ചയുടെ പൂര വസന്തം ഒരുക്കി ക്രിസ്തു ഉത്ഥാനംചെയ്തു. അവന്റെ ഉദയത്തിലും ഉത്ഥാനത്തിലുംകാഴ്ചകളുടെ വർണ്ണ പ്രപഞ്ചമായിരുന്നു. ക്രിസ്താനുഭവമുള്ള എല്ലാവരിലും വർണ്ണക്കാഴ്ചകൾ നിറഞ്ഞു നിൽക്കണം.നമ്മൾ ഒരു കാഴ്ച വസ്തുവല്ല, മറ്റുള്ളവർക്ക് കാഴ്ചാനുഭവമായി തീരണം. നമ്മുടെ കാഴ്ചപ്പാടുകൾ മാറുമ്പോൾ നമ്മളെ കുറിച്ചുള്ള കാഴ്ചപ്പാടുകളും തിരുത്തപ്പെടും. നമ്മൾ എന്നുംഎല്ലാവർക്കും പ്രതീക്ഷകളുടെവർണ്ണക്കാഴ്ചകളായി തീരട്ടെ.

CNL7 MEDIA
CHRISTIANLIVE DAILY
Vol. 2 Issue 301
3
Sunday
Pages 5
672

